LIBRARY ARCHIVES Kerala Legislative Assembly

ബളാന്തോട്-ചാമുണ്ഡിക്കുന്ന്-ബന്തടുക്ക റോഡ്

137 [2208] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്-ഉദുമ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പനത്തടി പഞ്ചായത്ത് പ്രദേശത്തെ ജില്ലാ ആസ്ഥാനവുമായി ഏറ്റവും എളുപ്പം ബന്ധിപ്പിക്കുന്നതുമായ ബളാന്തോട്-ചാമുണ്ഡിക്കുന്ന്-ബന്തടുക്ക റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വികസിപ്പിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തടസ്സങ്ങൾ നീക്കി പ്രസ്തുത റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡ് 1-3-2005-ലെ സർക്കാർ ഉത്തരവ് നമ്പർ 231/05/പൊതുമരാമത്ത് വകുപ്പ് പ്രകാരം ഈ വകുപ്പ് ഏറ്റെടുത്ത് മേജർ ജില്ലാ റോഡായി ഉയർത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

മൂവാറ്റുപുഴ ബൈപാസ്

138 [2209] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂവാറ്റുപുഴ ബൈപാസ് (കെ.എസ്.ടി.പി. രണ്ടാം ഘട്ടം) നിർമ്മാണത്തിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കെ. എസ്. ടി. പി. രണ്ടാംഘട്ട പദ്ധതിയിൽ മൂവാറ്റുപുഴ ബൈപാസ് നിർമ്മാണം ഉൾപ്പെടുന്നില്ല.